## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.857 12.12.2012-ൽ മറുപടിയ്ക്ക്

## വാട്ടർ എക്സ്പ്രസ് യൂണിറ്റ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.റ്റി ജോർജ്<br>,, കെ. അച്ചുതൻ<br>,, വി. റ്റി. ബലറാം<br>,, വി. പി. സജീന്ദ്രൻ | | ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വാട്ടർ എക്സ് പ്രസ് യുണിറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ജലവിഭവ വകുപ്പിലെ സി.സി.ഡി.യുവിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ജലസംരക്ഷണം. മഴവെള്ള സംഭരണം , ശുദ്ധ ജല പരിപോഷണം, ജല ഗുണനിലവാരം, ശുദ്ധജലത്തിന്റെ വിനിയോഗം എന്നീ മേഖലകളിൽ കൂടുതൽ അവബോധം നൽകുന്ന മൊബൈൽ പ്രചരണ യൂണിറ്റാണ് വാട്ടർഎക്സ്പ്രസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തുടനീളം സഞ്ചരിച്ച് പ്രചാരണം നടത്തുന്ന ഒരു യൂണിറ്റായിരിക്കും ഇത്. |
| (ബി) | എങ്കിൽ ഏത് ഏജൻസി വഴിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം? | | |
| (സി) | ജല സംഭരണത്തിനും മഴവെള്ള കൊയ്ത്തിനും എന്തെല്ലാം പ്രാധാന്യങ്ങളാണ് ഈ യൂണിറ്റ് വഴി നൽകുന്നത്; വിശദമാക്കുമോ; | (സി) | മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, സാങ്കേതിക മാർഗ്ഗങ്ങൾ, വിജയ മാതൃകകൾ, സബ്സിഡി, ധനസഹായ മാർഗ്ഗങ്ങൾ എന്നീ വയെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിൽ എത്തിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | എവിടെയെല്ലാമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നത്?. | (ഡി) | സംസ്ഥാനത്തോട്ടാകെ ഇത് പ്രവർത്തിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ